**കണ്ണൂർ ജില്ലാ പഞ്ചായത്ത് - ഡയറ്റ് കണ്ണൂർ**

**മുകുളം സമഗ്ര വിദ്യാഭ്യാസ പദ്ധതി**

**എസ് എസ് എൽ സി മാതൃകാ പരീക്ഷ** - 2021

**Std X** **സാമൂഹ്യശാസ്ത്രം** ആകെ സ്കോർ : 80

സമയം : 2 ½ മണിക്കൂർ

**************************************************************************************************************

**പൊതുനിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ് ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

---

1. **a മുതൽ l വരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം.** ( 12 x 1 = 12 )

a) സൂര്യൻ ഉത്തരായനരേഖയ്ക്ക് നേർമുകളിൽ എത്തുന്ന ദിവസമാണ് ജൂൺ 21. ആ ദിവസം ഏത് പേരിലറിയപ്പെടുന്നു.
( ശൈത്യ അയനാന്ത ദിനം, ഗ്രീഷ്മ അയനാന്ത ദിനം, സമരാത്ര ദിനങ്ങൾ )

b) 'പ്രാതിനിധ്യമില്ലാതെ നികുതിയില്ല' എന്ന മുദ്രാവാക്യം മുഴങ്ങി കേട്ട സമരമേത് ?
( ഫ്രഞ്ച് വിപ്ലവം, ഇന്ത്യൻ സ്വാതന്ത്ര്യസമരം, അമേരിക്കൻ സ്വാതന്ത്ര്യസമരം )

c) 1917-ലെ നീലം കർഷകരുടെ സമരം നടന്ന പ്രദേശം
( ചമ്പാരൻ, അഹമ്മദാബാദ്, ഖേഡ )

d) സർവ്വകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയ സ്വതന്ത്ര ഇന്ത്യയിലെ വിദ്യാഭ്യാസ കമ്മീഷൻ ഏത് ?
( ഡോ. ഡി എസ് കോത്താരി കമ്മീഷൻ, ഡോ. എസ് രാധാകൃഷ്ണൻ കമ്മീഷൻ, ഡോ. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ )

e) താഴെ പറയുന്നവയിൽ മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷത ഏത് ?
( ജനസംഖ്യാ വലുപ്പം, പ്രായഘടന, വിദ്യാഭ്യാസം )

f) ഉത്തരായനവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത് ?
- ദക്ഷിണായന രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനം
- ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനം
- ഉത്തരായന രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്കുള്ള സൂര്യന്റെ അയനം

g) ഇന്ത്യയിലെ പൊതുഭരണ കാഴ്ചപ്പാടിനെ സ്വാധീനിച്ചത് ഗാന്ധിജിയുടെ ഏത് ആശയമാണ് ?
( അഹിംസ, സത്യഗ്രഹം, ഗ്രാമസ്വരാജ് )

h) താഴെ നൽകിയവയിൽ വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ ഉൾപ്പെടാത്തത് ഏത് ?
- സംയോജിത ശിശു വികസന പരിപാടി
- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ
- നാഷണൽ സ്കിൽ ഡവലപ്പ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

i) ബ്രഹ്മപുത്ര നദിയുടെ ഉത്ഭവസ്ഥാനം
( ചെമ - യുങ് - ഡുങ്, ഗോമുഖ്, മാനസസരോവർ )

j) അളവ് തൂക്ക നിലവാരം ഉറപ്പുവരുത്തുന്ന ഉപഭോക്തൃ സംരക്ഷണത്തിനായുള്ള വകുപ്പ് ഏത് ?
- ഭക്ഷ്യസുരക്ഷാ വകുപ്പ്

- ലീഗൽ മെട്രോളജി വകുപ്പ്
- കേന്ദ്ര ഔഷധ വില നിയന്ത്രണം കമ്മിറ്റി

k) സമൂഹശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കുന്നത്
( എ ആർ ദേശായി, മാക്സ് വെബർ, അഗസ്റ്റ് കോംതെ )

l) ഇന്ത്യയുടെ 'ധാന്യപ്പുര' എന്നറിയപ്പെടുന്ന ഭൂപ്രകൃതി വിഭാഗമേത് ?
( ഉപദ്വീപീയ പീഠഭൂമി, ഉത്തര മഹാസമതലം, ഉത്തരപർവ്വതമേഖല )

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

2. അന്താരാഷ്ട്ര ദിനാങ്കരേഖയുടെ പ്രത്യേകതകൾ എന്തെല്ലാം ?
3. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ ഏവ ?
4. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ ?
5. 1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ ഏതെങ്കിലും 3 നിർദ്ദേശങ്ങൾ എഴുതുക.
6. സ്വാതന്ത്ര്യാനന്തര ഇന്ത്യ കൈവരിച്ച ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ വിശദമാക്കുക.
7. ഇ. ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ ഏതൊക്കെ ?
8. ഉപദ്വീപിയ പീഠഭൂമിയിലെ മണ്ണിനങ്ങളെക്കുറിച്ച് വിവരിക്കുക.
9. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവത മേഖലയുടെ പങ്ക് വിവരിക്കുക.
10. ജപ്പാനിലെ ( 135 ഡിഗ്രി കിഴക്ക് )സമയം രാവിലെ 10 മണി ആയിരിക്കുമ്പോൾ ഇന്ത്യയിലെ ( 82 $^{1}/_{2}$ ഡിഗ്രി കിഴക്ക് ) സമയം എത്രയായിരിക്കും ?
11. മാനവവിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം ?
12. മെർക്കന്റലിസ്റ്റ് നിയമങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.
13. പഞ്ചശീലതത്വങ്ങൾ ഏതെല്ലാം ?
14. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സുഭാഷ് ചന്ദ്ര ബോസ് വഹിച്ച പങ്ക് വിവരിക്കുക.
15. ധരാതലീയ ഭൂപടത്തിലെ ഈസ്റ്റിങ്സിന്റെ സവിശേഷതകൾ ഏവ ?
16. ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ എന്തെല്ലാം ?
17. പരമാധികാരം എന്നാലെന്ത് ? അതിന്റെ രണ്ട് തലങ്ങൾ ഏവ ?
18. പടിഞ്ഞാറൻ തീരസമതലത്തിന്റെ സവിശേഷതകൾ ഏവ ?
19. ഇന്ത്യയിൽ പൊതുചെലവ് വർധിക്കാൻ ഇടയാകുന്ന പ്രധാന കാരണങ്ങൾ ഏവ ?
20. വിദൂര സംവേദന സാങ്കേതിക വിദ്യ കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?
21. ഇന്ത്യയിലെ വിവിധ കാർഷിക കാലങ്ങൾ ഏതെല്ലാം ?
22. ഭാരതീയ റിസർവ് ബാങ്കിന്റെ ഏതെങ്കിലും മൂന്ന് ധർമ്മങ്ങൾ എഴുതുക.
23. ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ സവിശേഷതകൾ ഏവ ?
24. ഫാഷിസത്തിന്റെ സവിശേഷതകൾ വിശദമാക്കുക.
25. പൗരബോധം നേരിടുന്ന വെല്ലുവിളികളെ എങ്ങനെ മറികടക്കാം ?

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം**

26.

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ ഉത്തരാർധഗോളം |
|---|---|---|
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരായനരേഖയിലേക്ക് | ------------a------------ |

| | | |
|---|---|---|
| ------------b------------ | ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ------------c------------ | ഹേമന്തം |
| ------------d------------ | ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം |

27. വിദ്യാഭ്യാസം മാനവ വിഭവശേഷി വികസനത്തെ സഹായിക്കുന്നതെങ്ങനെ ?
28. കാലഗണനാ ക്രമത്തിലെഴുതുക.
    - പാരിസ് ഉടമ്പടി
    - ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ്
    - ബോസ്റ്റൺ ടീ പാർട്ടി
    - അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം
29. ഉപ്പ് സമരായുധമായി തിരഞ്ഞെടുക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം ?
30. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാന തത്വങ്ങൾ ഏവ ?
31. പൊതു ഭരണത്തിന്റെ പ്രാധാന്യമെന്ത് ?
32. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ ഏവ ?
33. നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ ഏവ ?
34. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ ഏവ ?
35. സ്വതന്ത്ര ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം സാധ്യമായത് എങ്ങനെയെന്ന് വിവരിക്കുക.
36. ചുവടെ തന്നിരിക്കുന്ന ഭൂവിവരങ്ങളെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക.

    a)ആരവല്ലി പർവതം    b)ഛോട്ടാ നാഗ്പൂർ പീഠഭൂമി


    c)ഗോദാവരി നദി    d)കച്ച് ഉപദ്വീപ്
37. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| അയ്യങ്കാളി<br>ശ്രീനാരായണ ഗുരു<br>വക്കം അബ്ദുൾ ഖാദർ മൗലവി<br>വി ടി ഭട്ടതിരിപ്പാട് | തിരുവിതാംകൂർ മുസ്ലിം മഹാജനസഭ<br>യോഗക്ഷേമസഭ<br>സാധുജനപരിപാലന സംഘം<br>ശ്രീനാരായണ ധർമ്മ പരിപാലന യോഗം |

38. ആഗോള വാതങ്ങൾ എന്നാൽ എന്ത് ? പ്രധാനപ്പെട്ട ആഗോള വാതങ്ങൾ ഏതെല്ലാം ?

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം**

39. 'ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങളും ചിന്തകന്മാരുടെ ആശയങ്ങളും ഫ്രഞ്ച് വിപ്ലവത്തിന് കാരണമായി' - വിശദമാക്കുക.
40. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങളെ താഴെ നൽകിയ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ വിവരിക്കുക.
    - സിവിൽ നിയമലംഘനം
    - ക്വിറ്റിന്ത്യാ സമരം
41. സമയനിർണയവുമായി ബന്ധപ്പെട്ട ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം എന്നിവയെക്കുറിച്ച് വിവരിക്കുക.
42. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും സവിശേഷതകൾ വിശദമാക്കുക.


300 km
200 mi
© d-maps.com